പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6413 | 31.10.2011-ൽ മറുപടിക്ക്

**കാഞ്ഞങ്ങാട് കെ.സി.സി.പി.എൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.സി.സി.പി.എൽ-ൻെറ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ; | (എ) കേരള ക്ലേയ്സ് ആൻറ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നീലേശ്വരം പുതുക്കൈയിൽ ചൈനാക്ലേ ഖനനവും, കരിന്തളത്ത് അലൂമിനസ് ലാറ്ററൈറ്റ് ഖനനവുമാണ് നടക്കുന്നത്. |
| (ബി) ഇവിടെ നിന്നും അസംസ്കൃത വസ്തുക്കൾ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ടോ; | (ബി) ഉണ്ട്; |
| (സി) ഇവിടെ നിന്നും കയറ്റി അയയ്ക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ഇവിടെത്തന്നെ പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുമോ; | (സി) നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് ഇവിടെത്തന്നെ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സാധ്യതയില്ല. |
| (ഡി) അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ